## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3062** **19/06/2018-ൽ മറുപടിയ്ക്ക്**

## ഹോർട്ടികോർപ്പ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.വി.എസ്.ശിവകുമാർ** | | **ശ്രീ. വി.എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഹോർട്ടികോർപ്പിന്റെ എത്ര പച്ചക്കറി വില്പന ശാലകളാണ് അടച്ചുപൂട്ടിയത്; ഇതിനുള്ള കാരണം വ്യക്തമാക്കുമോ; | (എ) | മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഹോർട്ടികോർപ്പിന്റെ 8 സ്റ്റാളുകളാണ് അടച്ചുപൂട്ടിയത്. സ്റ്റാൾ ആരംഭിച്ച സ്ഥലം വിട്ടുനൽകേണ്ടി വന്നതിനാലും കച്ചവടം കുറവായതിനാലുമാണ് പ്രസ്തുത സ്റ്റാളുകൾ അടച്ചുപൂട്ടിയത്. എന്നാൽ ഈ സർക്കാർ വന്നശേഷം പുതിയതായി 17 സ്വന്തം സ്റ്റാളുകളും 11 ലൈസൻസി സ്റ്റാളുകളും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഹോർട്ടികോർപ്പിന് എത്ര കോടി രൂപയാണ് 2017-18 ബഡ്ജറ്റിൽ വകയിരുത്തിയതെന്നും ഇതിൽ എത്ര രൂപ ഹോർട്ടികോർപ്പിന് നൽകിയിട്ടുണ്ടെന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ; | (ബി) | 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 30 കോടി രൂപ ഹോർട്ടികോർപ്പിന് റിവൈവൽ പാക്കേജായി പ്രഖ്യാപിച്ചിരുന്നു. എന്നാൽ ആ വർഷം തുക ഒന്നും തന്നെ ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്നില്ല. ഹോർട്ടികോർപ്പിന്റെ പ്രവർത്തനങ്ങൾക്കായി പ്രത്യേകിച്ച് ബഡ്ജറ്റിൽ കാലങ്ങളായി തുകയൊന്നും വകകൊള്ളിച്ച് വന്നിരുന്നില്ല. സംസ്ഥാന കൃഷി വകുപ്പിന്റെ വിപണി ഇടപെടൽ വിഹിതത്തിൽ നിന്നും ഒരു വിഹിതം ഹോർട്ടികോർപ്പിന് ലഭിക്കാറുണ്ട്. 2017-18 സാമ്പത്തിക വർഷം ഓണം വിപണി ഇടപെടലിനായി 8.496 കോടി രൂപ കൃഷി വകുപ്പിൽ നിന്നും ലഭിച്ചിട്ടുണ്ട്. 2018 മാർച്ച് മാസത്തിൽ ഫണ്ട് പുനർവിന്യാസത്തിലൂടെ 5.959 കോടി രൂപയും ഹോർട്ടികോർപ്പിന് ലഭിച്ചിട്ടുണ്ട്. ഇപ്രകാരം ലഭിച്ച മുഴുവൻ തുകയും ഹോർട്ടികോർപ്പ് ചെലവഴിച്ചിട്ടുണ്ട്. |
| (സി) | ഹോർട്ടി കോർപ്പിന് എത്ര കോടി രൂപയാണ് 2018-19 ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | 2018-19 ബഡ്ജറ്റിൽ ഹോർട്ടികോർപ്പിന് 4401-00-190-97 ഹെഡ് ഓഫ് അക്കൗണ്ടിൽ ഷെയർ ക്യാപിറ്റൽ ഇനത്തിൽ 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

Bukym

**സെക്ഷൻ ഓഫീസർ**